# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/326/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/326/2023 തീയ്യതി: 27/03/2023

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 23-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതനസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2023 | 03-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-02-2023 | 03-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഷൈന.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി. അപർണ.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. പത്മിനി.എൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മോഹൻരാജ്.വി.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. അഖിൻലാൽ.സി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ആദർശ്.യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. അബ്ദുൾസമദ്.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 20-10-2021 |
| ഡോ. സജിന കോമാട്ടിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 21-10-2021 | 31-03-2022 |
| ഡോ. രാജേഷ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിൽന.ഡി.എസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അമ്പിളി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. സജീവൻ.എം.സി | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ. അനൂപ് തേവൂന്റവിട | അസി. സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീമതി.സജിത.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ശ്രീ. ശിവപ്രസാദ്.എസ്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 24-11-2021 |
| ശ്രീമതി. സുനിഷ.ഇ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-11-2021 | 31-03-2022 |
| ശ്രീമതി. പ്രത്യൂഷരാജ്.പി.വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.അശ്വിനി .എ.ആർ | അസി. എഞ്ചിനിയർ | 01-04-2021 | 15-05-2021 |
| ശ്രീമതി. സനിഷ.പി | അസി. എഞ്ചിനിയർ | 16-05-2021 | 05-07-2021 |
| ശ്രീമതി. രേഷ്മ.എം.രാജു | അസി. എഞ്ചിനിയർ | 05-07-2021 | 30-12-2021 |

| | | | |
|---|---|---|---|
| ശ്രീമതി. സനിഷ.പി | അസി. എഞ്ചിനിയർ | 01-01-2022 | 02-02-2022 |
| ശ്രീമതി. അരുണിമ.എ | അസി. എഞ്ചിനിയർ | 03-02-2022 | 31-03-2022 |
| ശ്രീമതി. രേഷ്മ.കെ.പി | വി.ഇ.ഒ | 01-04-2021 | 30-04-2021 |
| ശ്രീമതി. രിജിന.ജെ | വി.ഇ.ഒ | 01-05-2021 | 31-10-2021 |
| ശ്രീമതി. അമൃത.എൻ.കെ | വി.ഇ.ഒ | 01-11-2021 | 31-03-2022 |
| ശ്രീമതി.ശ്രീജ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1- 8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല | 1-10 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു | 1-11 |
| 14 | റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-12 |
| 15 | റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം | 1-13 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ്- പൂർണ്ണമല്ല | 1-14 |
| 17 | തൊഴി**ൽ** നികുതി ഡിമാന്റ് ചെയ്യുതിലെ അപാകതകൾ | 1-15 |
| 18 | അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല | 1-16 |
| 19 | വാതിൽപ്പടി സേവനം - അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 20 | കാർഷിക മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ തുക ക്രെഡിറ്റ് ആയില്ല | 1-18 |
| 21 | ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നില്ല. | 1-19 |
| 22 | സ്പിൽ ഓവർ ആയ റോഡ് മെയിന്റനൻസ് പ്രവർത്തികൾ ഫണ്ട് മാറ്റി | 1-20 |

| | | |
|---|---|---|
| | വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി | |
| 23 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു. | 1-21 |
| 24 | അങ്കണ വാടികളിൽ വയോജന സൗഹൃദകേന്ദ്രങ്ങൾ സ്ഥാപിക്കൽ സമഗ്രമായി പദ്ധതികൾ തയ്യാറാക്കിയില്ല. | 1-22 |
| 25 | തുക മുൻകൂറായി നൽകിയിട്ടും കമ്പ്യൂട്ടർ ലഭിച്ചില്ല | 1-23 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 27 | കാലാവധി കഴിഞ്ഞ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളും സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കുന്നു | 1-25 |
| 28 | ഐ.കെ.എം വിഹിതം - തുക ചെലവഴിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമില്ല | 1-26 |
| 29 | അഗതിരഹിത കേരളം പദ്ധതി - സി.ഡി.എസ് അക്കൌണ്ടിലേക്ക് നൽകിയ തുക ചെലവഴിച്ചില്ല | 1-27 |
| 30 | ക്രാഡിൽ അങ്കണവാടി - അപാകതകൾ | 1-28 |
| 31 | എഫ് എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ല | 1-29 |
| 32 | വ്യത്യസ്ത പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി | 1-30 |
| 33 | റിങ്ങ് കമ്പോസ്റ്റിങ്ങ് യൂണിറ്റ് വിതരണം - തുടർ നിരീക്ഷണമില്ല | 1-31 |
| 34 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ യൂണിഫോം അലവൻസ് നൽകി | 1-32 |
| 35 | മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി | 1-33 |
| 36 | തുടർസാക്ഷരതാ പരിപാടി - കോഴ്സ് പൂർത്തികരണം സംബന്ധിച്ച രേഖകളില്ല. | 1-34 |
| 37 | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു | 1-35 |
| 38 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-36 |
| 39 | കന്നുകുട്ടി പരിപാലന പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-37 |
| 40 | എം.ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-38 |
| 41 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല. | 1-39 |
| 42 | ഹരിത സമൃദ്ധി- പച്ചക്കറി തൈ ജൈവവള വിതരണം (വനിത)- ഗുണഭോക്താവിന് കൂടുതൽ ആനുകൂല്യം നൽകി | 1-40 |
| | ഭാഗം **2** | |

--- No Records Found ---


| | | |
|---|---|---|
| | **ഭാഗം 3** | |
| 1 | വ്യത്യസ്ത പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 17.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,78,52,103 |
| വരവ് | 24,91,83,650 |
| ആകെ | 26,70,35,753 |
| ചെലവ് | 25,78,74,450 |
| നീക്കിയിരിപ്പ് | 91,61,303 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 13.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്യാൽലഭിക്കുന്ന തുകയായ 8,23,490 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 7,70,684 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 9,29,240/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ( TSB JointVenture) 1,75,974/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, ഓർക്കാട്ടേരി, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67226994464) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 03.02.2022 | 4446 |
| 04.02.2022 | 378 |
| 05.02.2022 | 1908 |
| 07.02.2022 | 1707 |
| 08.02.2022 | 2140 |
| 09.02.2022 | 1054 |
| 10.02.2022 | 2588 |
| 11.02.2022 | 1368 |
| 02.03.2022 | 959 |
| 03.03.2022 | 5761 |
| 07.03.2022 | 1458 |

3. എടച്ചേരി സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലെ (നം-1002000576) 31.03.2022 ലെ നീക്കിയിരിപ്പ് താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഷിക ധനകാര്യ പത്രിക RP-40(b) പ്രകാരം | ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|
| 66,53,970 | 66,58,273 | 4,303 |

വ്യത്യാസം വിശദീകരിക്കുന്നതിനുള്ള റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. വസ്തു നികുതി റസിഡൻഷ്യൽ, നോൺ-റസിഡൻഷ്യൽ ഇനങ്ങളിലെ 2021-22 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-43 പ്രകാരം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) | 24,79,751 | 24,91,764 |
| വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) | 13,80,878 | 13,84,723 |

5. തൊഴിൽ നികുതി ഇനത്തിലെ 2021-22 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും തൊഴിൽ നികുതി രജിസ്റ്ററിലെയും തുകകൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-43 പ്രകാരം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം |
|---|---|---|
| Receivables For Profession Tax – Institutions/Professionals/Traders (Current) | 1,38,560 | 95,000 |

6. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 51,67,800 രൂപയാണ്. എന്നാൽ 2021-22 വർഷത്തെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

7. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 22,000/- രൂപയുടെ സ്റ്റോർസ് 2021-22ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 19,11,958 /- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ബാങ്ക് അക്കൗണ്ടും രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

9. ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാകുന്നില്ല.

10. സംയുക്ത പദ്ധതികളുടെ വരവ് ചെലവ് ഐ.കെ.എം ചെലവ് പത്രികയിലെയും വാർഷിക കണക്ക് RP-7, RP-31എന്നിവയിലെയും തുകകളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,69,15,902 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,79,89,524 |
| ആകെ | 8,49,05,426 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,00,28,274 |
| നീക്കിയിരിപ്പ് | 2,48,77,152 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,44,59,000 | 1,44,59,000 | 1,44,59,000 | - |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 11,71,720 | 11,71,720 | 10,87,667 | 84,053 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 67,29,000 | 67,29,000 | 44,94,018 | 22,34,982 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 53,83,127 | 53,83,127 | 45,47,342 | 8,35,785 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്(ട്രഷറി മുഖേന) | 0 | 11,43,122 | 11,43,122 | 11,11,439 | 31,683 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്( PFMSമുഖേന) | 0 | 31,09,000 | 31,09,000 | 30,00,000 | 1,09,000 |
| സെൻട്രൽ ഫിനാൻസ് | 0 | 48,77,500 | 48,77,500 | 20,22,742 | 28,54,758 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 46,64,000 | 46,64,000 | 4,28,000 | 42,36,000 |
| സാക്ഷരത | 91,615 | 2,662 | 94,277 | - | 94,277 |
| എം.പി.ഫണ്ട് | 36,725 | 10,905 | 47,630 | 9,837 | 37,793 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 8,19,41,147 | 1,80,11,000 |
| വികസനഫണ്ട് (എസ്.സി.പി) | 26,81,212 | 13,73,106 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 88,40,253 | 55,76,485 |

2. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 62323465 | 117 | 39752996 | ---- | 30 | 79.59% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 8 | 1670076 | 1232318 | 73.78% |
| വെറ്ററിനറി സർജൻ | 6 | 6 | 4009000 | 2506617 | 62.52% |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 8 | 8 | 2235565 | 2103654 | 94.09% |
| മെഡിക്കൽ ഓഫീസർ) (ഹോമിയോ) | 2 | 2 | 220000 | 215834 | 98.10% |
| മെഡിക്കൽ ഓഫീസർ) (ആയ്യുർവ്വേദം) | 5 | 5 | 1380000 | 1344147 | 97.40% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 46 | 26391621 | 14044325 | 53.21% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 8 | 6 | 6522000 | 4250080 | 65.16% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 6542750 | 6416754 | 98.07% |
| സെക്രട്ടറി | 22 | 19 | 4479846 | 3479287 | 77.66% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2195000 | 1645000 | 74.94% |
| അസി.സെക്രട്ടറി | 5 | 3 | 956687 | 531687 | 55.57% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 861000 | 107440 | 12.47% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 7 | 5 | 4859920 | 1875853 | 38.59% |
| | 147 | 117 | 62323465 | 39752996 | 79.59% |

ഡി.പി.സി. അംഗീകാരം ലഭിച്ച 147 പ്രൊജക്കുകളിൽ 117 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 62323465/-രൂപ വകയിരുത്തിയതിൽ 39752996/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 50,679 | 9,74,278 | 10,24,957 | 10,24,320 | 637 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 4,85,67,230 | 4,85,67,230 | 4,85,67,230 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 89,98,000 | 590 |
| വിധവാപെൻഷൻ | 1,64,20,800 | 1086 |
| വാർദ്ധക്യകാലപെൻഷൻ | 3,03,73,200 | 2333 |
| വികലാംഗപെൻഷൻ | 58,07,300 | 399 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,48,000 | 41 |
| വിവാഹ ധനസഹായം | 4,20,000 | 14 |
| തൊഴിലില്ലായ്മ വേതനം | 2,040 | 1 |

## 1- 8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,279/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2022 മാസത്തെ

റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച് നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ച് പോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് വസ്തു നികുതി വർദ്ധനവ് വരുത്തുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 23, 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ എന്നിവയിൽ അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.
ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ് വിശദമാക്കുന്നത്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

എടച്ചേരി ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഫോറം 6 പ്രകാരം പരിശോധിച്ചതിൽ താഴെപറയുന്ന 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | അബ്ദുൾ നിസാർ, നങ്ങാറൻ ചാലിൽ, ഇരിങ്ങണ്ണൂർ |
| റീ.സ നമ്പർ | 34/10, 34/31 |
| വില്ലേജ് | എടച്ചേരി |
| താലൂക്ക് | വടകര |
| മേഖല | ദ്വീതീയം |
| പ്ലോട്ട് ഏരിയ | 10.54 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 4/458 A |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 181.59 $M^2$ (താഴത്തെ നില)+ 91.14 $M^2$ (ഒന്നാം നില) =272.73 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മി) | 5 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12.8)ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 511 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര്, വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 27<br>രാജൻ, പവിത്രം, കണ്ണാകണ്ടിയിൽ | തുണികച്ചവടം | 14/448 | തയ്യുള്ളതിൽ അനിത, കണ്ണാകണ്ടിയിൽ, എടച്ചേരി | പാർപ്പിടാവശ്യം |
| 95<br>ജമാൽ, കുറുങ്ങോട്ടിൽ, അരങ്ങോട്(പി.ഒ), കുറ്റ്യാടി | അനാദികച്ചവടം | 12/143 A | കുഞ്ഞബ്ദുള്ള, അബ്ദുൾ അസീസ്, വെളുത്തപറമ്പത്ത്, എടച്ചേരി | പാർപ്പിടാവശ്യം |
| 312<br>സുധീഷ് കുമാർ.കെ.എൻ, കട്ടിൽ നടക്ക എടച്ചേരി | തയ്യൽക്കട, കർട്ടൺ | 13/379 A | മുഹമ്മദ് ഷാഹിദ്, ഷാനവാസ്, മമ്മു, മീത്തലെപുതിയടത്ത് | പാർപ്പിടാവശ്യം |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-12 റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനനികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

എടച്ചേരി ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന പാർപ്പിടാവശ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ലെന്നു കണ്ടു.

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | നൗഫൽ.എ.കെ,<br>അരീക്കര, എടച്ചേരി |
| റീ.സ നമ്പർ | 172/16-8 |
| വില്ലേജ് | എടച്ചേരി |
| താലൂക്ക് | വടകര |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 6.92 ആർസ് |
| അനുവദിച്ച കെട്ടിട നമ്പർ | 15/293 A |

| | |
|---|---|
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 184.77 $M^2$(താഴത്തെ നില)+ 104.89 $M^2$(ഒന്നാം നില)<br>=289.66 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മി) | 5 |

എൽ.എസ്.ജി.ഡി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 5.4 മീറ്റർ വീതിയുള്ള ടാർ റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള മറ്റുള്ളവ എന്ന് രേഖപ്പെടുത്തിയ റോഡിൽ നിന്നാണ് പ്രവേശനമാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 5 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് -15% തറനിർമ്മിതി) | യഥാർത്ഥത്തിൽ 5 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് -15% തറനിർമ്മിതി, 20% വഴി സൗകര്യം) |
|---|---|---|---|
| 15/293 A | 289.66 $M^2$, പാർപ്പിടാവശ്യം | 1521 + 77 (5% LC) = 1598 | 1811 + 91 (5% LC) = 1902 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (1811 + 91 ) - (1521 + 77 )<br>290 + 14 (5% LC) = 304 | | | |

സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുന പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

1-13 റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം

എടച്ചേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 264 ആണ്. സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്റർ പ്രകാരം 436 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം , തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 436 | 264 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 38 | 29 |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 398 | 187 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | - | 48 |

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 264 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം (ഖണ്ഡിക 1-12 കാണുക).

റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ട്രേഡേഴ്സ് ലിസ്റ്റ്- പൂർണ്ണമല്ല

2021-22 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റിന് പകരം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നെടുത്ത കെട്ടിടങ്ങളുടെ വിവരം വാർഡ് തലത്തിൽ ക്രോഡീകരിച്ച പട്ടികയാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഫീൽഡ്തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2021-22 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

2.സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 1693 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 511 പേർ മാത്രമാണ് ഡി.&ഒ. ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 1182 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്(2018-19 ഖ.1-10, 2019-20 ഖ.1-16). അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധി യിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്യതിലെ അപാകതകൾ

തൊഴിൽ നികുതി സമാഹരണത്തിലെ അപാകതകളെ കുറിച്ചും ആയവ പരിഹരിച്ച 100 ശതമാനത്തിൽ എത്തിക്കുവാനുമുള്ള നിർദ്ദേശങ്ങളും മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന നിരവധി സ്ഥാപനങ്ങളും അവിടെയുള്ള

തൊഴിലാളികളും, പഞ്ചായത്ത് പരിധിയിൽ നിന്ന് വരുമാനമാർജ്ജിക്കുന്ന മറ്റു വ്യക്തികളും തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായി പോകുന്നതായി കാണുന്നു . ആയതിന്റെ ചില വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| വാർഡ് / കെട്ടിട നം | തൊഴിലുടമ യുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 3/40A | ജൻസൺ ഗംഗൻ കുനിയിൽ | 2 |
| 2/662 | ജുബൈർ സി കെ | 2 |
| 7/161 A2-A4 | ബഷീർ പി കെ | 4 |
| 1/289.269 | ശോഭ കെ സി | 4 |
| 1/229 | ശ്രീജേഷ് പി കെ | 2 |
| 8/334,335 | അസീസ് യു പി | 2 |
| 15/344 A,B,C | റിയാസ് പരവന്റെവിട | 2 |
| 11/40,41 | കുഞ്ഞബ്ദുള്ള | 2 |

എന്നാൽ ഈ സ്ഥാപന ഉടമകൾക്ക് തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

2) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല- അപാകത ആവർത്തിക്കുന്നു

- ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതിന്റെ വിവരം നിലവിലും ലഭ്യമായിട്ടില്ല.

3) കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളുടെ വിവരം ലഭ്യമായിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിന്നും വരുമാനമാർജ്ജിക്കുന്ന ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട ഉടമ | വാടകയ്ക്ക് നൽകിയ കെട്ടിട നമ്പർ |
|---|---|
| നച്ചി കായപ്പനിച്ചി | 62 A,B,C |
| കുമാരൻ കരമുള്ളതിൽ | 165,166,167,168,169 |
| രാധ പെരുവത്ത് | 191,192,193,194,195,196,197,198,199,200 |
| ശോഭ പാറെക്കാട്ടിൽ | 266,267,268,269 |
| ഗോവിന്ദൻ നടുകണ്ടിയിൽ | 290A-D, 291 A-D |

| | |
|---|---|
| റഫീക്ക് | 463 A1-A5 |

പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും, അവിടെയുള്ള ജീവനക്കാരേയും, മറ്റു വരുമാനമാർജ്ജിക്കുന്ന വ്യക്തികളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ട് വരുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതിന് വിശദീകരണം നൽകേണ്ടതാണ്.

1-16 അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന എന്ന് ഉറപ്പ് വരുത്തുന്നില്ല

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരമനുസരിച്ച് 4569 പേർക്ക് വിവിധ സാമൂഹ്യ ക്ഷേമപെൻഷനുകൾ നൽകുന്നതിൽ 1206 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും, 3363 പേർക്ക് വീടുകളിലെത്തി നേരിട്ടുമാണ് പെൻഷൻ വിതരണം ചെയ്യുന്നത് . വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷൻ മാത്രമാണ് സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരിച്ചവരുടെ പോലും പെൻഷൻ റദ്ദ് ചെയ്യാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു.

പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിക്കേണ്ടതും മരണപ്പെട്ടവർക്കും അനർഹർക്കും പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാവർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ/അനർഹരുടേയും വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ ചേർക്കപ്പെട്ടവരുടെ പോലും പെൻഷൻ റദ്ദ് ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. ആയത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.2/2021-22,തിയ്യതി: 02-03-23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരായവരുടെ പെൻഷൻ റദ്ദ് ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും, പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി അധികമായി നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്.

1-17 വാതിൽപ്പടി സേവനം - അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ

ഉൾപ്പെടുത്തിയിട്ടില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021 ലെ സ.ഉ.(സാധാ) നം.1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധിക മാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021 ലെ സ.ഉ.(സാധാ) നം.1607/2021 /ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ ചെയർപേഴ്സൺ/ കമ്മിറ്റി കോ-ഓർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരുപിക്കുന്നതിന് ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച 3134 മുതൽ 3150 വരെയുള്ള 17 റസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതായി 02.03.2023 നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. എടച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലാണ് (നം. 40212101076727, കേരള ഗ്രാമീൺ ബാങ്ക്) 04.07.2022, 06.07.2022 തീയതികളിൽ ഓൺലൈൻ ട്രാൻസ്ഫർ മുഖേന ലഭിച്ച 20,000 രൂപ നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 02.03.2023 ന് 20,186 രൂപ നീക്കിയിരിപ്പുണ്ട്. 01.04.2022 മുതൽ 02.03.2023 വരെയുള്ള റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-40(a), RP-40(b) ഷെഡ്യൂളുകൾ പരിശോധിച്ചപ്പോൾ 25.04.2022 ന് ആരംഭിച്ച പ്രസ്തുത അക്കൌണ്ടിലെ വരവ് , നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി കേരള ഗ്രാമീണ ബാങ്കിൽ നിലവിലുള്ള 40212101076727 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും 40212101076727 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ പുതിയ സംയുക്ത അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്. കൂടാതെ ഈ പുതിയ സംയുക്ത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ-ഓർഡിനേറ്ററായ അസിസ്റ്റന്റ് സെക്രട്ടറി അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

വാതിൽപ്പടി സേവനപദ്ധതി പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്തതിന്റെയും അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 കാർഷിക മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ തുക ക്രെഡിറ്റ് ആയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് അവരുടെ അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും പല ഗുണഭോക്താക്കളുടെ അക്കൗണ്ടിലും തുക ക്രെഡിറ്റ് ആയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | തുക ബിൽ നമ്പർ തിയ്യതി | തുക അക്കൌണ്ടിൽ ക്രഡിറ്റ് ആകാത്ത ഗുണഭോക്താക്കളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | 71/21-22 ഹരിത സമൃദ്ധി പച്ചക്കറി തൈ ജൈവവള വിതരണം (വനിത) | 18225 232/16.3.22 | 8 | 1050 |
| | | 21150 204/6.3.22 | 27 | 6600 |
| 2 | 59/21-22 തരിശ്ശു ഭൂമി കൃഷി വികസനം സുഭിക്ഷകേരളം | 49828 199/4.3.22 | 1 | 5750 |
| 3 | 57/21-22 നെൽകൃഷി വികസനം കൂലി ചെലവ് സബ്സിഡി | 28800 189/19.2.22 | 9 | 3000 |
| | | 345600 188/19.2.22 | 9 | 3600 |
| | | 34560 190/19.2.22 | 9 | 3600 |
| | | 35448 107/23.11.21 | 18 | 9300 |
| | | 29540 108/23.11.21 | 18 | 7820 |
| | | 35448 109/23.11.21 | 18 | 9240 |

| | | | | |
|---|---|---|---|---|
| | | | | |
| | | 43176<br>155/24.1.22 | 20 | 15264 |
| | | 35980<br>157/24.1.22 | 20 | 12720 |
| | | 43176<br>156/24.1.22 | 20 | 15264 |
| 4 | 55/21-22<br>പച്ചക്കറി വികസനം<br>കൂലി ചെലവ്<br>സബ്സിഡി | 50000<br>288/27.3.22 | 31 | 12660 |
| | | 120000<br>247/21.3.22 | 31 | 5200 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി പദ്ധതി ലക്ഷ്യം പൂർത്തിയാക്കിയതായി കണക്കാക്കിയ പദ്ധതിയാണിത്. സാംഖ്യ റിപ്പോർട്ടിൽ തുക ഗവൺമെന്റിലേക്ക് ക്രെഡിറ്റ് ആയി എന്നാണ് കാണിക്കുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ട് കറക്ഷൻ പ്രക്രിയ നടത്താത്തതിനാലാണ് പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോയത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

1-19 ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിലും അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുന്ന പദ്ധതികളിലും പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിലുള്ള വരവ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വരുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-41216373814)ക്രെഡിറ്റ് ആകുന്നുണ്ട് . 2022 ആഗസ്റ്റ് മുതലാണ് ഈ അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്. ഈ അക്കൗണ്ടിൽ 330789 രൂപ നീക്കിയിരിപ്പുണ്ട്.(ഇതിൽ 258849 രൂപ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് 15.2.23 ന് ട്രാൻസ്ഫർ ചെയ്ത തുകയാണ്. ഈ തുക എന്തിനുവേണ്ടി ട്രാൻസ്ഫർ ചെയ്ത തുകയാണ് എന്ന് വ്യക്തമല്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കുകയോ വരവ് വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ വാർഡുകളിലായി മെറ്റീരിയൽ/സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ കണ്ടെത്തിയിട്ടുള്ളത്. വിവിധ വാർഡുകളിലെ പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ ഫീ, എന്നീയിനത്തിൽ കരാറുകാർ ഓൺലൈനായി അടവാക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. കരാറുകാർ ഇ-ടെണ്ടർ ഫീ

തുക ഏത് അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത് എന്നതിന്റെയും, ആയത് പഞ്ചായത്തിന് ലഭിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/2021-22 തീയതി. 3.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-20 സ്പിൽ ഓവർ ആയ റോഡ് മെയിന്റനൻസ് പ്രവർത്തികൾ ഫണ്ട് മാറ്റി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി

ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന 4 പദ്ധതികൾ സ്പിൽ ഓവർ ആയിട്ട് നടപ്പിലാക്കിയിട്ടുള്ളതാണ്. 2020-21 വർഷത്തിൽ റോഡ് മെയിന്റനൻസ് പ്രവർത്തികൾക്കായി തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതികൾ സ്പിൽ ഓവർ ആയി നടപ്പിലാക്കിയിട്ടുള്ളത് പൊതു വികസന ഫണ്ട് ഉപയോഗിച്ചാണ്.

| പ്രൊജക്ട് | വികസന ഫണ്ട് ചെലവ് തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| 102/22- പോലീസ് ക്വാർട്ടേഴ്സ് റോഡ് മെയിന്റനൻസ് | 280000 | 65/22.9.21 |
| 103/22-ഫിഷ് മാർക്കറ്റ് എ.കെ.ജി വായനശാല റോഡ് മെയിന്റനൻസ് | 297531 | 66/22.9.21 |
| 106/22-കണ്ടോത്ത് മുക്ക് ഒതയോത്ത് മുക്ക് അമ്പലം റോഡ് മെയിന്റനൻസ് | 497489 | 67/22.9.21 |
| 107/22- എടച്ചേരി.ജി.യു.പി സ്കൂൾ റോഡ് മെയിന്റനൻസ് | 367524 | 71/28.9.21 |

വികസനഫണ്ട് ജനറൽ വിഹിതം ഉപയോഗിച്ച് റോഡ് മെയിന്റനൻസ് പ്രവ്യത്തികൾ നടത്തുന്നത് അംഗീകരിക്കാൻ കഴിയില്ല. 29.1.2018 ലെ സ.ഉ.(കൈ) നം.11/2018/ തസ്വഭവ ഉത്തരവ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം ഫണ്ട് ഉൽപ്പാദനം സേവനം പശ്ചാത്തലം എന്നീ മേഖലകൾക്ക് തുക വകയിരുത്തുന്നതിനുള്ള നിബന്ധനകളിൽ റോഡ് മെയിന്റനൻസ് ഉൾപ്പെടുന്നില്ല. കൂടാതെ അംഗീകാരം ലഭിച്ച ഒരു പ്രൊജക്ട് സ്പിൽ ഓവറായി അടുത്ത വർഷം വരുമ്പോൾ അടങ്കൽ തുകയിൽ ഭേദഗതി വേണ്ടി വരുമ്പോൾ ഭരണസമിതി അംഗീകരിച്ച ശേഷം വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരം നേടിയ ശേഷമേ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ പാടുള്ളൂ. പ്രവ്യത്തികൾക്ക് മേൽ അംഗീകാരങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു.

റോഡുകളുടെ അറ്റകുറ്റ പണികളുടെ കാര്യത്തിൽ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.11/2018 തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല. പദ്ധതി വർഷം 13 റോഡുകൾ മാത്രമാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നന്നാക്കിയിട്ടുള്ളത്.

ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴുവനും സ്കാരിഫൈ ചെയ്ത് ഗ്രാനുലാർ സബ് ബേസ് ചെയ്തതിനുശേഷം പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാതിരുന്നതിനാലാണ് റോഡുകൾ പൂർണമായും തകർന്ന പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായുള്ള പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ റോഡുകളുടെ കൂടുതൽ ഭാഗങ്ങളും പൊട്ടി പൊളിഞ്ഞ അവസ്ഥയിലാണ് ഉള്ളതെന്ന് ബോധ്യപ്പെട്ടു.

ഉദാഹരണം

എടച്ചേരി നോർത്ത് എ യു പി സ്കൂൾ റോഡ്, കക്കാട്ട് മുക്ക് ചാത്തോത്ത് മുക്ക് റോഡ്, പോലീസ് കോട്ടേഴ്സ് റോഡ്, ചെട്ട്യാം വീട്ടിൽ ചുണ്ടയിൽ തെരു റോഡ് മുതലായവ.

റോഡ് മെയിന്റനൻസ് പ്രവൃത്തികൾ പൂർണമായും തൃപ്തികരമായ രീതിയിൽ പൂർത്തിയാക്കിയിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 01.03.2023 തീയതിയിൽ സ്ഥല സന്ദർശനം നടത്തിയ പ്രവൃത്തികളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ പ്രസ്തുത റോഡുകൾ പൂർണമായും മെയിന്റനൻസ് നടത്തിയിട്ടില്ല. റോഡിന്റെ ചെറിയ ഒരു ചെയിനേജിൽ ഇടവിട്ടുള്ള സ്ഥലത്ത് മാത്രമാണ് മെയിന്റനൻസ് നടത്തിയിട്ടുള്ളത്. ബാക്കി റോഡിന്റെ പല ഭാഗത്തും റോഡ് പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികളില്ലാതെ റോഡുകളെല്ലാം പൂർണ്ണമായും തകർന്നതിന് ശേഷം മെയിന്റനൻസ് നടത്തുന്നത് മൂലം പദ്ധതി നടത്തിപ്പിന് അധിക ചെലവിനിടയാക്കുകയും പൊതുജനത്തിന് സുഗമമായ സഞ്ചാര സൗകര്യം ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തുകയും ചെയ്യുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/21-22 /3.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല അപാകത പരഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 അങ്കണ വാടികളിൽ വയോജന സൗഹൃദകേന്ദ്രങ്ങൾ സ്ഥാപിക്കൽ സമഗ്രമായി പദ്ധതികൾ തയ്യാറാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അങ്കണവാടികളിൽ വയോജന സൗഹൃദകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 3 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|

| | | |
|---|---|---|
| 114/21-22 അങ്കണവാടികളിൽ വയോജന സൗഹൃദകേന്ദ്രം നിർമ്മാണം, (2,132),സ്പിൽ ഓവർ പദ്ധതി | 800000 | 178282 |
| 124/21-22അങ്കണവാടികളിൽ വയോജന സൗഹൃദകേന്ദ്രം നിർമ്മാണം,(2,132) സ്പിൽ ഓവർ പദ്ധതി | 600000 | 198763 |
| 123/21-22 വെങ്കല്ലൂർ അങ്കണവാടിയിൽ വയോജന സൗഹൃദകേന്ദ്രം നിർമ്മാണം (131)സ്പിൽ ഓവർ പദ്ധതി | 600000 | 451943 |

പദ്ധതി ലക്ഷ്യം കൈവരിക്കത്തക്ക രീതിയിൽ സമഗ്രമായല്ല പ്രൊജക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. 2020-21 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മിക്കുന്നതിന് മാത്രമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 22-23 വർഷത്തിലും ഇതിന്റെ പൂർത്തീകരണത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. 02.03.23 ന് 3 അങ്കണവാടികളിലും സന്ദർശനം നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് കണ്ടു. എന്നാൽ കെട്ടിടങ്ങളിൽ വൈദ്യുതി വെള്ളം വാതിൽ ജനലുകൾ ഫർണിച്ചറുകൾ ടോയ്ലറ്റ് സൗകര്യം എന്നിവയൊന്നും ഒരുക്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്ന പകൽവീട് ഉണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-23 തുക മുൻകൂറായി നൽകിയിട്ടും കമ്പ്യൂട്ടർ ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 14/21-22, ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 52,750/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 52,750/- ( സാംഖ്യാ ബിൽ നം. 124/21-22തീയതി 16.12.2021 ) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരം ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി കെൽട്രോണിന് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിൽ കമ്പ്യൂട്ടർ (മുൻകൂർ നൽകിയ വില 39,797/-രൂപ) ഇതുവരെ ലഭിച്ചിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാവാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 /2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. കമ്പ്യൂട്ടർ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 138/21-22, പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | 1,00,000/- ( സാംഖ്യാ ബിൽ നം. 62/21-22തീയതി 22.09.2021 – 50,000/- രൂപ സാംഖ്യാ ബിൽ നം. 141/21-22തീയതി 11.01.2022 – 50,000/- രൂപ) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി എടച്ചേരി ഗ്രാമപഞ്ചായത്ത് 11-ാം വാർഡിലെ ശ്രീ അനന്തു.സി.വി (S/o മനോജ്, ചെട്ട്യാവീട്ടിൽ, തലായി) എന്ന വിദ്യാർത്ഥിക്ക് രണ്ടാം ഗഡു ധനസഹായമായി 22.09.2021 ലെ 62/21-22 നമ്പർ സാംഖ്യാ ബിൽ പ്രകാരം 50,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ 10/20-21 നമ്പർ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നൽകിയ മുൻകൂർ ധനസഹായമായ 50,000/- രൂപയുടെ തുടർച്ചയായാണ് മേൽ തുക നൽകിയിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കേണ്ടതെന്ന് 14.02.2018 ലെ സ.ഉ (കൈ) 22/2018 /തസ്വഭവ നമ്പർ ഉത്തരവ് 28.01.2020 ലെ സ.ഉ.(സാധാ) 221/2020/ തസ്വഭവ ഉത്തരവ് എന്നിവയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മൂല്യനിർണ്ണയം നടത്താതെയാണ് ഗുണഭോക്താവിന് രണ്ടാം ഗഡു ധനസഹായം അനുവദിച്ചിട്ടുള്ളത്. കൈപ്പറ്റിയ ധനസഹായം ഉപയോഗപ്പെടുത്തി ഗുണഭോക്താവ് പ്രവൃത്തി നടത്തുകയോ ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ശേഷിക്കുന്ന ഗഡു ധനസഹായത്തിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല.
മൂല്യനിർണ്ണയം നടത്താതെ ധനസഹായം അനുവദിച്ചതിനും, പ്രവൃത്തി നാളിതുവരെ പൂർത്തിയാവാത്തതിനുമുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട ചെലവ് ചെയ്ത തുകയായ 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മൂല്യനിർണ്ണയം നടത്താതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും, ഗുണഭോക്താവുമായി ബന്ധപ്പെട്ട് പഠനമുറിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 കാലാവധി കഴിഞ്ഞ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളും സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കുന്നു

ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിൽ വയോജന കേന്ദ്രം സ്ഥാപിക്കൽ (114/21-22) കുടുബാരോഗ്യ കേന്ദ്രത്തിൽ പാർക്കിംഗ് സൗകര്യം ഒരുക്കൽ (133/21-22) എന്നീ പദ്ധതികളിൽ പ്രവൃത്തി നിർവ്വഹണം നടത്തിയത് ശ്രീ.രാജീവൻ.പി.ടി.കെ എന്ന കരാറുകാരനാണ് . പദ്ധതി ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ പ്രവർത്തിയുടെ സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിച്ച സെക്യൂരിറ്റി നിക്ഷേപസർട്ടിഫിക്കറ്റുകളിൽ ചിലത് 2015 ലും 2018 ലും 2020 ലുമൊക്കെ കാലാവധി പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ ഇതിൽ ചില സർട്ടിഫിക്കറ്റുകൾ ചൊക്ലി ഗ്രാമപഞ്ചായത്ത് , അഴിയൂർ ഗ്രാമപഞ്ചായത്ത്, വടകര ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളിൽ പ്ലഡ്ജ് ചെയ്ത സർട്ടിഫിക്കറ്റുകളാണ്. ഇത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-26 ഐ.കെ.എം വിഹിതം - തുക ചെലവഴിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമില്ല

| | |
|---|---|
| പ്രൊജക്റ്റ് | 44/21-22, ഐ.കെ.എം വിഹിതം 2021-22 |
| അടങ്കൽ | 63,931/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 63,931/- ( സാംഖ്യാ ബിൽ നം. 14/21-22തീയതി 17.06.2021 ) |
| നിർവ്വഹണം | സെക്രട്ടറി |

ഐ.കെ.എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷനിൽ നിന്നുള്ള 20.04.2021 ലെ IKM/A7/955/2021 നമ്പർ ഡിമാന്റ് ലെറ്ററിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തെ വിഹിതമായി 63,931/- രൂപ ഐ.കെ.എമ്മിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് ഐ.കെ.എമ്മിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 63,931/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-27 അഗതിരഹിത കേരളം പദ്ധതി - സി.ഡി.എസ് അക്കൌണ്ടിലേക്ക് നൽകിയ തുക ചെലവഴിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 175/21-22, അഗതിരഹിത കേരളം പദ്ധതിക്ക് വിഹിതം -ആശ്രയ |
| അടങ്കൽ | 50,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 50,000/- ( സാംഖ്യാ ബിൽ നം. 175/21-22തീയതി 10.02.2022 ) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടച്ചേരി സർക്കിൾ) |

മേൽ പ്രൊജക്റ്റ് പ്രകാരം സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ 50,000/- രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല. ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവിന്റെ വീട് പുനരുദ്ധാരണത്തിന് വേണ്ടിയായിരുന്ന തുക ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നാണ് ഓഡിറ്റ് വേളയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ ആയതിനുള്ള പ്രവർത്തനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. അക്കൗണ്ടിലേക്ക് കൈമാറിയ പദ്ധതിപണം ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 ക്രാഡിൽ അങ്കണവാടി - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 15/21-22, ക്രാഡിൽ അങ്കണവാടി |
| അടങ്കൽ | 2,50,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 2,50,000/- ( സാംഖ്യാ ബിൽ നം. 14/21-22തീയതി 17.06.2021 ) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

എടച്ചേരി ഗ്രാമപഞ്ചായത്തിലെ കായപ്പനിച്ചി അങ്കണവാടി (സെന്റർ നമ്പർ 129) ക്രാഡിൽ

അങ്കണവാടിയാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച് മേൽ പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. അങ്കണവാടി നവീകരിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ കണക്കാക്കി ആയതിനാവശ്യമായ കളിയുപകരണങ്ങളും, മറ്റു വകകളും ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നതിന് പകരം ആർട്ട്കോയ്ക്ക് വിതരണം ചെയ്യാനാവുന്ന ഉപകരണങ്ങൾ/പ്രവർത്തനങ്ങൾ സമാഹരിക്കുകയാണ് ചെയ്തിട്ടുള്ളത്.
2. പദ്ധതി പ്രകാരം വാങ്ങിയ സ്മൂത്ത് റൈഡ് ഓൺ, മൾട്ട്കളർ മലയാളം ആഫബറ്റ് സെറ്റ് എന്നിവയ്ക്ക് ഇതേ സാമ്പത്തിക വർഷം 12/21-22 നമ്പർ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ആർട്ട്കോയിൽ നിന്നുതന്നെ വാങ്ങിയവയേക്കാൾ തുക നൽകിയിട്ടുണ്ട്.
3. ഔട്ട്ഡോർ ഗ്രാസ് ലേയിങ്ങിന് തുക നൽകിയിരിക്കുന്നത് പ്രവൃത്തിയുടെ അളവെടുത്തിട്ടാണോ എന്ന് വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 എഫ് എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ല

പ്രോജക്ട് : പെയിൻ ആന്റ് പാലിയേറ്റീവ്
പ്രോജക്ട് നമ്പർ : 61/22
അടങ്കൽ :-7,00,000/-(വികസന ഫണ്ട് പൊതുവിഭാഗം 460000+
തനത് ഫണ്ട് 240000)
ചെലവ് :- 5,70,210/-(102/21-22/16.11.21 )

മേൽ പ്രോജക്ടിൽ, എഫ് എച്ച് സി യിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക മെഡിക്കൽ ഓഫീസർ, കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. തുക നൽകി ഒരു വർഷത്തോളമായിട്ടും 23237 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് നം.4/ 02-03-23 മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നും ലഭ്യമാക്കുന്നതുവരെ 23,237 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 വ്യത്യസ്ത പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി

എടച്ചേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം. 61/21-22), ദേശീയ ആരോഗ്യ പരിപാടി-വാഹന വാടക (പ്രോജക്ട് നം.60/21-22) എന്നീ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് KL 11 E 3925 നമ്പർ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ.ശിവകുമാർ ടി എന്നവർക്ക് ഒരേ ദിവസം ഇരട്ട വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | തീയതി | ദേശീയ ആരോഗ്യ പരിപാടി | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
|---|---|---|---|
| 1 | 2.07.21 | 297+248=545 | 950 |
| 2 | 13.07.21 | 248 | 950 |
| 3 | 15.07.21 | 248 | 950 |

| | | | |
|---|---|---|---|
| 4 | 16.07.21 | 248+248=496 | 950 |
| 5 | 17.07.21 | 248+248=496 | 950 |
| 6 | 19.07.21 | 818+248=1066 | 950 |
| 7 | 22.07.21 | 372+248=620 | 950 |
| 8 | 24.07.21 | 248 | 950 |
| 9 | 25.07.21 | 372 | 950 |
| 10 | 29.07.21 | 372 | 950 |
| 11 | 30.07.21 | 248 | 950 |
| 12 | 09.08.21 | 496 | 950 |
| 13 | 10.08.21 | 248 | 950 |
| 14 | 12.08.21 | 248 | 950 |
| 15 | 14.08.21 | 1736 | 950 |
| 16 | 25.08.21 | 248 | 950 |
| 17 | 27.08.21 | 496 | 950 |
| 18 | 01.09.21 | 372 | 950 |
| 19 | 08.09.21 | 2418 | 950 |
| 20 | 11.09.21 | 372+248=620 | 950 |
| 21 | 14.09.21 | 248 | 950 |
| 22 | 16.09.21 | 496+248=744 | 950 |
| 23 | 18.09.21 | 496+248=744 | 950 |
| 24 | 28.09.21 | 496 | 950 |
| 25 | 07.10.21 | 496 | 950 |
| 26 | 13.10.21 | 297 | 950 |
| 27 | 21.10.21 | 248 | 950 |
| 28 | 22.10.21 | 248 | 950 |
| 29 | 23.10.21 | 248 | 950 |
| 30 | 08.11.21 | 248 | 950 |
| 31 | 15.11.21 | 248 | 950 |
| 32 | 17.12.21 | 248 | 950 |
| 33 | 20.12.21 | 248 | 950 |
| 34 | 21.12.21 | 620+372+124=1116 | 950 |
| 35 | 23.12.21 | 248 | 950 |
| 36 | 20.01.22 | 248 | 950 |
| 37 | 21.01.22 | 248 | 950 |
| 38 | 03.02.22 | 248 | 950 |
| 39 | 08.02.22 | 248 | 950 |
| 40 | 07.03.22 | 248 | 950 |
| 41 | 08.03.22 | 248 | 950 |

| | | | |
|---|---|---|---|
| | ആകെ | 19454 | 38950 |

2 വ്യത്യസ്ത പദ്ധതികൾക്കായി ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളിൽ ഒരേ തിയതികളിൽ ഒരേ വാഹന നമ്പറും , ലൈസൻസ് നമ്പറും രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി, പി.എച്ച്.സിയിലെ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം ചാർട്ട് എന്നിവയൊന്നും പരിശോധിക്കാതെ വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് വാഹന വാടക അനുവദിച്ചിട്ടുള്ളത് എന്ന് വിലയിരുത്തുന്നു. വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകളല്ലാതെ ഏതെല്ലാം ദിവസങ്ങളിലാണ് മേൽ പദ്ധതിയ്ക്കായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച രേഖയും, ശ്രീ.ശിവകുമാർ എന്ന വ്യക്തിയെ തെരഞ്ഞെടുത്തതിന് ക്വട്ടേഷൻ വിളിച്ചതിന്റെ രേഖയും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.3/02-03-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇരട്ടിപ്പായി നൽകിയ 19,454 രൂപ നിരാകരിക്കുന്നു.

1-31 റിങ്ങ് കമ്പോസ്റ്റിങ്ങ് യൂണിറ്റ് വിതരണം - തുടർ നിരീക്ഷണമില്ല

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനമായ റിംഗ് കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതുവരെ വിതരണം ചെയ്ത യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | പ്രൊജക്റ്റ് നമ്പർ | ചെലവ് | വിതരണം ചെയ്ത യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 2020-21 | 91/20-21 | 1,25,000 | 50 |
| 2 | 2021-22 | SO 136/20-21 | 10,60,000 | 424 |
| 3 | 2021-22 | 95/21-22 | 4,28,000 | 200 |
| 4 | 2022-23 | SO 33/22-23 | 16,94,880 | 792 |
| ആകെ | | | 33,07,880 | 1466 |

മേൽപറഞ്ഞവ കൂടാതെ 2022-23 സാമ്പത്തിക വർഷം 26,83,560/- രൂപ അടങ്കലിൽ 1284 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 25/22-23 നമ്പരായി പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. ഉറവിട യൂണിറ്റുകൾ കൈപ്പറ്റിയത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രൊജക്റ്റ് ഫയലുകളിൽ ഉണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്കരിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച തുടർനിരീക്ഷണ റിപ്പോർട്ടുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല.

ഉറവിട മാലിന്യസംസ്കരണം ലക്ഷ്യമിട്ട് വലിയ തുക ചെലവഴിച്ചാണ് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും റിംഗ് കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ വിതരണം ചെയ്തു വരുന്നത്. ഇത്തരത്തിൽ വിതരണം ചെയ്തു വരുന്ന

കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്കരിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നിരീക്ഷണങ്ങൾ നടത്തി ആയതിനനുസരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ യൂണിഫോം അലവൻസ് നൽകി

എടച്ചേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ. എം.എം സതീശൻ എന്നവർക്ക് 07.01.2022ലെ 22100648 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ യൂണിഫോം അലവൻസായി 2,700/- രൂപ അനുവദിച്ചിട്ടുണ്ട്.

ജോലി സമയത്ത് യൂണിഫോം ധരിക്കേണ്ടതായിട്ടുള്ള ജീവനക്കാർക്ക് ആയത് വാങ്ങുന്നതിനായി യഥാർത്ഥത്തിൽ ചെലവായ തുകയുടെ റീ-ഇംപേഴ്സ്മെന്റ് എന്ന നിലയ്ക്കാണ് യൂണിഫോം അലവൻസ് അനുവദിക്കേണ്ടതെന്ന് 23.05.2017ലെ 38/2017/ ഫിൻ നമ്പർ പരിപത്രത്തിലെ ഖണ്ഡിക 5 ൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ശ്രീ.എം.എം സതീശൻ, സീനിയർ ഗ്രേഡ് ഡ്രൈവർ അലവൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ചെലവു തുകയുടെ ബിൽ സമർപ്പിച്ചിട്ടില്ല. യഥാർത്ഥ ചെലവു തുക പരിശോധിക്കാതെ അനുവദനീയമായ പരമാവധി യൂണിഫോം അലവൻസ് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ജോലി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ വീഴ്ച വരുത്തുന്നതല്ല എന്നും, വീഴ്ച വരുത്തുന്ന പക്ഷം യൂണിഫോം അലവൻസായി കൈപ്പറ്റുന്ന തുക സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണമെന്ന് മേൽ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 2,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി

കോവിഡ് - 19 വ്യാപനത്തെ തുടർന്ന് സംജാതമായ സാമ്പത്തിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട വിഹിതം 2021 ഏപ്രിൽ മാസം മുതൽ 5 തുല്യ മാസഗഡുക്കളായി തിരികെ നൽകാനാണ് 26.02.2021ലെ ജി.ഒ (പി) നമ്പർ 43/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നത്. പെൻഷൻ പറ്റിയവർ, മരണപ്പെട്ടവർ, പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്ത ജീവനക്കാർ/അദ്ധ്യാപകർ എന്നിവരുടെ കാര്യത്തിൽ മാത്രമാണ് മാറ്റി വയ്ക്കപ്പെട്ട തുക ഒറ്റത്തവണയായി നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതിയുണ്ടായിരുന്നത്. എന്നാൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളവിഹിതമായ 5,35,945/-രൂപ 30.04.2021ലെ 22100055 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം ഒറ്റത്തവണയായി ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്.

മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒറ്റത്തവണയായി ജീവനക്കാർക്ക് തിരികെ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-34 തുടർസാക്ഷരതാ പരിപാടി - കോഴ്സ് പൂർത്തികരണം സംബന്ധിച്ച രേഖകളില്ല.

| | |
|---|---|
| പ്രൊജക്ട് | 49/21-22, തുടർസാക്ഷരതാ പരിപാടി |
| അടങ്കൽ | 34,050/- (തനത് ഫണ്ട് ) |
| ചെലവ് | 34,050/- (സാംഖ്യാ ബിൽ നം. 281/21-22തീയതി |

| | |
|---|---|
| | 26.03.2022) |
| നിർവ്വഹണം | സെക്രട്ടറി |

എടച്ചേരി ഗ്രാമപഞ്ചായത്തിൽ നിന്ന് ഹയർസെക്കണ്ടറി/പത്താംതരം തുല്യതാ പരീക്ഷകൾ എഴുതുന്നവർക്കുള്ള കോഴ്സ്/പരീക്ഷാ ഫീസായി മേൽ പ്രൊജക്റ്റ് പ്രകാരം ആകെ 34,050/- രൂപ സാക്ഷരതാമിഷൻ നിർദ്ദേശിച്ച അക്കൗണ്ടുകളിലേക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കോഴ്സ് | ഫീസ് | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ | 2,500 | 4 | 10,000 | 57026996123 (യൂക്കോ ബാങ്ക് തിരുവനന്തപുരം) |
| പത്താംതരം തുല്യതാ പരീക്ഷ | 1,850 | 13 | 24,050 | 02880111113107 (എസ്.ബി.ഐ ശാസ്തമംഗലം) |
| ആകെ | | 17 | 34,050 | |

മേൽ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ചതും പരീക്ഷയ്ക്ക് ഹാജരായതും സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2021-22 തീയതി 03.03.2023) മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 34,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-35 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു

എടച്ചേരി ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2021-22 സാമ്പത്തിക വർഷം 2,59,116/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 47 പൊതുവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് വാർഷിക വെള്ളക്കരം 5,512.50/- രൂപ എന്ന നിരക്കിൽ 47 ടാപ്പുകൾക്കുള്ള വെള്ളക്കരമായി 21,593/- രൂപയാണ് പ്രതിമാസം അടവാക്കിയിട്ടുള്ളത്.
ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തുകയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണവും, അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. അതുമൂലം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ടാപ്പുകൾ തന്നെയാണോ യഥാർത്ഥത്തിൽ ഉള്ളത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്താതെ വെള്ളക്കരം അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2021-22

തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തീർച്ചപ്പെടുത്തി ആയതിനനസൃതമായി മാത്രമാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-36 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 02.02.2022 ലെ 22100736 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് 1,70,000/- രൂപ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും, ആയതിന്റെ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/2021-22 തീയതി 03.03.2023) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ച് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും, ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-37 കന്നുകുട്ടി പരിപാലന പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള കന്നുകുട്ടി പരിപാലന പദ്ധതിയിൽ (70/21-22) 80 ഗുണഭോക്താക്കൾക്ക് കിടാരി ഒന്നിന് 6250 രൂപ വീതം 500000 രൂപ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 116/6.12.21. പദ്ധതി പ്രകാരം) കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരിച്ചതിന് ശേഷം ഭൗതിക നേട്ട റിപ്പോർട്ട് വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി പൂർത്തിയാക്കി വിവരം ലഭ്യമാക്കുന്നത് വരെ 500000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-38 എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ അളവ് പുസ്തകങ്ങളുടെ (എം. ബുക്ക്) സ്റ്റോക്ക് , വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന എം ബുക്കുകൾ അത് വാങ്ങുന്ന തിയ്യതിയിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്ന രീതിയിൽ എം. ബുക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് . തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, എഞ്ചിനീയറുടെ ഓഫീസിലും പഞ്ചായത്ത് ഓഫീസിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് അവ ഓരോന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം। ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ്. ആയത് വാങ്ങി സ്റ്റോക്കിലെടുത്ത് കൃത്യതയോടെയല്ലാതെ ഇഷ്യു ചെയ്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-39 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല.

കെ.എസ്.ഇ.ബിയുടെ എടച്ചേരി, പെരിങ്ങത്തൂർ സെക്ഷനുകളിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 5,76,252/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2021-22 തീയതി 03.03.2023) മറുപടി ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് അടിയന്തിരമായി

തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-40 ഹരിത സമൃദ്ധി- പച്ചക്കറി തൈ ജൈവവള വിതരണം (വനിത)- ഗുണഭോക്താവിന് കൂടുതൽ ആനുകൂല്യം നൽകി

പദ്ധതി – 71/21-22

ചെലവ് തുക – 73475(203,163/16.3.22)

ഈ പദ്ധതിയിൽ 341 വീടുകളിലെ വനിതാ ഗുണഭോക്താക്കൾക്ക് 40 പച്ചക്കറി തൈകൾ സൗജന്യമായി നൽകുന്നതിനും ഒരു ഗുണഭോക്താവിന് 75% സബ്സിഡിയിൽ 100 രൂപയ്ക്ക് വളം നൽകുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച പല ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടില്ല. ഇത് സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ വളത്തിന് ഒരു ഗുണഭോക്താവിന് 75 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചപ്പോൾ ജാനകി.എൻ.കെ എന്ന ഗുണഭോക്താവിന് 3000 രൂപയും റോജ എന്ന ഗുണഭോക്താവിന് 1500 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി അധിക തുക അനുവദിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അനർഹമായി ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വ്യത്യസ്ത പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി

എടച്ചേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (പ്രോജക്റ്റ് നം. 61/21-22), ദേശീയ ആരോഗ്യ പരിപാടി-വാഹന വാടക (പ്രോജക്റ്റ് നം.60/21-22) എന്നീ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് KL 11 E 3925 നമ്പർ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ.ശിവകുമാർ ടി എന്നവർക്ക് ഒരേ ദിവസം ഇരട്ട വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | തിയതി | ദേശീയ ആരോഗ്യ പരിപാടി | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
|---|---|---|---|
| 1. | 2.07.21 | 297+248=545 | 950 |
| 2. | 13.07.21 | 248 | 950 |
| 3. | 15.07.21 | 248 | 950 |
| 4. | 16.07.21 | 248+248=496 | 950 |

| | | | |
|---|---|---|---|
| 5. | 17.07.21 | 248+248=496 | 950 |
| 6. | 19.07.21 | 818+248=1066 | 950 |
| 7. | 22.07.21 | 372+248=620 | 950 |
| 8. | 24.07.21 | 248 | 950 |
| 9. | 25.07.21 | 372 | 950 |
| 10. | 29.07.21 | 372 | 950 |
| 11. | 30.07.21 | 248 | 950 |
| 12. | 09.08.21 | 496 | 950 |
| 13. | 10.08.21 | 248 | 950 |
| 14. | 12.08.21 | 248 | 950 |
| 15. | 14.08.21 | 1736 | 950 |
| 16. | 25.08.21 | 248 | 950 |
| 17. | 27.08.21 | 496 | 950 |
| 18. | 01.09.21 | 372 | 950 |
| 19. | 08.09.21 | 2418 | 950 |
| 20. | 11.09.21 | 372+248=620 | 950 |
| 21. | 14.09.21 | 248 | 950 |
| 22. | 16.09.21 | 496+248=744 | 950 |
| 23. | 18.09.21 | 496+248=744 | 950 |
| 24. | 28.09.21 | 496 | 950 |
| 25. | 07.10.21 | 496 | 950 |
| 26. | 13.10.21 | 297 | 950 |
| 27. | 21.10.21 | 248 | 950 |
| 28. | 22.10.21 | 248 | 950 |
| 29. | 23.10.21 | 248 | 950 |
| 30. | 08.11.21 | 248 | 950 |
| 31. | 15.11.21 | 248 | 950 |
| 32. | 17.12.21 | 248 | 950 |
| 33. | 20.12.21 | 248 | 950 |
| 34. | 21.12.21 | 620+372+124=1116 | 950 |
| 35. | 23.12.21 | 248 | 950 |
| 36. | 20.01.22 | 248 | 950 |
| 37. | 21.01.22 | 248 | 950 |
| 38. | 03.02.22 | 248 | 950 |
| 39. | 08.02.22 | 248 | 950 |
| 40. | 07.03.22 | 248 | 950 |
| 41. | 08.03.22 | 248 | 950 |
| | ആകെ | 19454 | 38950 |

2 വ്യത്യസ്ത പദ്ധതികൾക്കായി ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളിൽ ഒരേ തിയതികളിൽ ഒരേ വാഹന നമ്പറും , ലൈസൻസ് നമ്പറും രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി, പി.എച്ച്.സിയിലെ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം ചാർട്ട് എന്നിവയൊന്നും പരിശോധിക്കാതെ വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് വാഹന വാടക അനുവദിച്ചിട്ടുള്ളതെന്ന് വിലയിരുത്തുന്നു. വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകളല്ലാതെ ഏതെല്ലാം ദിവസങ്ങളിലാണ് മേൽ പദ്ധതിയ്ക്കായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച രേഖയും, ശ്രീ.ശിവകുമാർ എന്ന വ്യക്തിയെ തെരഞ്ഞെടുത്തതിന് ക്വട്ടേഷൻ വിളിച്ചതിന്റെ രേഖയും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.3/02-03-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇരട്ടിപ്പായി നൽകിയ 19,454 രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 24.02.2023, 25.02.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 94,320 | നെൽകൃഷി വികസനം കൂലിചെലവ് സബ്സിഡി | 94,320 | 0 |
| | 2021-22 | 4,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 4,50,000 | 0 |
| | 2021-22 | 1,98,763 | അങ്കണവാടികളിൽ വയോജന സൗഹൃദ കേന്ദ്രനിർമ്മാണം പൂർത്തീകരണം (സെന്റർ നം-132&2) | 1,98,763 | 0 |
| | 2021-22 | 5,45,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 5,45,000 | 0 |
| | 2021-22 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിതരണം | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,27,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 4,27,000 | 0 |
| | 2021-22 | 78,282 | അങ്കണവാടികളിൽ വയോജന സൗഹൃദ കേന്ദ്രനിർമ്മാണം (സെന്റർ നം-132&2) | 78,282 | 0 |
| | 2021-22 | 50,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 50,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/05/2018 | 2021-22 | 0 | 62,09,133 | 10,41,333 | -- | 51,67,800 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 75,10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 5,43,750 |
| ആകെ | 80,53,750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 80,53,750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| 2 | എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5.6.2021 | 1 വർഷം | 80,43,750 | |
| ആകെ | | | | 80,53,750 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന | തടസ്സം തുടരുന്നു. (പമ്പ് സെറ്റിന് |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി | ചെലവാക്കിയ തുക റെയ്ഡ്കോയിൽ നിന്ന് ഈടാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണം |
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപ കരണങ്ങൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി അപാകതകൾ | തടസ്സം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാവിഭജനം | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,79,89,524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,00,28,274 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19,454 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,33,715 |

ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |
| 3-1 | | 19,454 | ഡോ.ആദർശ്.യു, മെഡിക്കൽഓഫീസർ(പി.എച്ച്.സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 39,797 | അമ്പിളി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 50,000 | അനൂപൻ തേവുന്റവിട, അസി. സെക്രട്ടറി |
| 1-26 | 63,931 | മോഹൻരാജ്.വി.പി, സെക്രട്ടറി |
| 1-27 | 50,000 | പ്രത്യൂഷരാജ്.പി.വി, വി.ഇ.ഒ, എടച്ചേരി സർക്കിൾ |
| 1-29 | 23,237 | ഡോ.ആദർശ്.യു, മെഡിക്കൽഓഫീസർ(പി.എച്ച്.സി) |
| 1-32 | 2,700 | മോഹൻരാജ്.വി.പി, സെക്രട്ടറി |
| 1-34 | 34,050 | മോഹൻരാജ്.വി.പി, സെക്രട്ടറി |
| 1-36 | 1,70,000 | ഡോ.ആദർശ്.യു, മെഡിക്കൽഓഫീസർ(പി.എച്ച്.സി) |
| 1-37 | 5,00,000 | ഡോ.അഖിൻലാൽ.സി.എസ്, വെറ്ററിനറി സർജൻ |
| | 9,33,715 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| മോഹൻരാജ്.വി.പി, സെക്രട്ടറി | സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് | മഠത്തിൽ മീത്തൽ, ആയഞ്ചേരി(പി.ഒ), കോഴിക്കോട് |
| അനൂപൻ തേവൂന്റവിട, അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് | തേവൂന്റവിട, പുതുപ്പണം(പി.ഒ), വടകര |
| ഡോ.ആദർശ്.യു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽഓഫീസർ (പി.എച്ച്.സി), എടച്ചേരി ഗ്രാമപഞ്ചായത്ത് | മയൂഖം, തെക്കയിൽ, ഒഞ്ചിയം(പി.ഒ), കോഴിക്കോട് |
| അമ്പിളി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, എടച്ചേരി ഗ്രാമപഞ്ചായത്ത് | ആഗ്നേയം, കിഴക്കയിൽ, എടച്ചേരി(പി.ഒ), കോഴിക്കോട് |
| ഡോ.അഖിൻലാൽ.സി.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, എടച്ചേരി ഗ്രാമപഞ്ചായത്ത് | തറവട്ടത്ത്, കല്ലാച്ചി(പി.ഒ), കോഴിക്കോട് |
| പ്രത്യൂഷരാജ്.പി.വി, വി.ഇ.ഒ | വി.ഇ.ഒ, എടച്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീലകം, രയരോത്ത്(പി.ഒ), കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(1)/22 തീയതി 20.10.22 | 8 | 2-1,2-2,2-3,2-4,2-5,2-6,2-8,2-9 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(1) തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 3 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(2)/22 തീയതി 20.10.22 | 9 | 1-2,1-4,2-4,3-4,3-7,3-8,3-9, 3-13,3-16 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(3)/22 തീയതി 20.10.22 | 9 | 3-3, 3-4,3-5,3-9,3-10,3-15, 4-3,4-4,4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(4)/22 തീയതി 20.10.22 | 13 | 1-1,1-2,1-3,2-1(4,8,9,10),2-3(1,2), 3-6,3-9,4-3,4-7 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(5)/22 തീയതി 20.10.22 | 13 | 2-1,3-6,3-7,3-8,3-9,3-12,3-13, 3-14,3-15,3-16(1,2),4-7 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1400(6)/22 തീയതി 20.10.22 | 3 | 2-1,3-6, 3-9 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(2) തീയതി-17.11.2021 | 7 | 2-2, 3-3, 3-4, 3-7 (3,6), 3-8, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(3) തീയതി-17.11.2021 | 11 | 2-1, 2-3, 2-5, 3-1, 3-4 (1, 7, 10, 12, 13, 14, 21, 22), 3-8, 3-11, 3-17, 3-18 (4,6), 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(4) തീയതി-17.11.2021 | 11 | 2-1, 2-2, 2-4, 3-2, 3-3, 3-8സി, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1508/2019 തീയതി | 9 | 1-10, 1-12, 2-1(1)(2)(3), 2-4(6), 3-1(4), 3-2 (1) (2), 3-4, 3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 757/20 തീയതി-04.09.2020 | 8 | 1-7 (1, 2, 3, 4, 5, 6, 7), 1-10, 1-12, 1-14, 1-18, 1-21, 1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി5/ 484/22 തീയതി-17.3.2022 | 33 | 1-1 മുതൽ 1-31 വരെ ,2-1,3-1 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1005/22 തീയതി-23.06.2022 | 22 | 1-1 മുതൽ 1-20 വരെ ,3-1,3-2 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്